# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>പുതിയ വ്യവസായനയം</u>

6628 ശ്രീ. എ. റ്റി. ജോർജ്
,, ലൂഡി ലൂയിസ്
,, സി. പി. മുഹമ്മദ്
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ വ്യവസായ നയം രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) നയത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് പരിസ്ഥിതി സൗഹൃദ വ്യവസായം തുടങ്ങുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) നയം എന്ന് പ്രസിദ്ധീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>വ്യാവസായിക ഇടനാഴി</u>

6629 ശ്രീ. സി. പി. മുഹമ്മദ്
,, എം. എ. വാഹീദ്
,, ആര്‍. സെല്‍വരാജ്
,, റ്റി. എന്‍. പ്രതാപന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വ്യാവസായിക ഇടനാഴി ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങള്‍ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ വിശദമായ റിപ്പോര്‍ട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങള്‍ ലഭ്യമാക്കാമോ;

(ഡി) പദ്ധതി നടപ്പാക്കാന്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളിലെ തകർച്ച</u>

6630 ശ്രീ. എളമരം കരീം
,, പി. ശ്രീരാമകൃഷ്ണൻ
,, സാജു പോൾ
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നതിന്റെ ഭാഗമായാണ് തകർച്ച നേരിടുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് കേന്ദ്ര സർക്കാർ നടപടി സ്വീകരിക്കാത്തത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുമേഖലാ സ്ഥാപനമായ എഫ്.എ.സി.ടി. യുടെ സംരക്ഷണത്തിന്റെ കാര്യത്തിൽ മുൻകേന്ദ്രസർക്കാരിന്റെ സമീപനം സ്ഥാപനത്തിന്റെ താല്പര്യത്തിന് അനുഗുണമായിരുന്നുവോ; നിലപാട് വ്യക്തമാക്കുമോ;

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളിലെ ലാഭവിഹിതത്തിലെ കുറവ്

6631 ശ്രീ.എം.എ ബേബി
,, രാജു എബ്രഹാം
,, എ. പ്രദീപ്കുമാർ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭ വിഹിതത്തിൽ കുറവുണ്ടായതായി വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ലാഭത്തിൽ കുറവ് വരുവാനുണ്ടായ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലാഭവിഹിതം നൽകിയ ഏതെല്ലാം സ്ഥാപനങ്ങളിലാണ് ഈ സർക്കരിന്റെ കാലത്ത് കുറവ് വന്നത് എന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

ചെറുകിട വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധികൾ

6632 ശ്രീ.ഇ. പി. ജയരാജൻ
,, സി. കൃഷ്ണൻ
,, പുരുഷൻ കടലുണ്ടി
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെറുകിട വ്യവസായമേഖലയിൽ പുതിയ സംരംഭങ്ങൾ നടപ്പാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ചെറുകിട വ്യവസായ സംരംഭകർക്ക് ഭൂമി നൽകുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഭൂമി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയായിരിക്കുമെന്നും ഇതിനുള്ള ഭൂമി ഏത് മേഖലയിൽ നിന്ന് കണ്ടെത്തി നൽകാനാണ് ആലോചിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ഇ) സംസ്ഥാനത്ത് എത്ര ചെറുകിട വ്യവസായ സംരംഭങ്ങൾ പ്രതിസന്ധി കാരണം പൂട്ടേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളുടെ പ്രവര്‍ത്തനത്തിന് കര്‍മ്മപദ്ധതികള്‍</u>

6633 ശ്രീ. അന്‍വര്‍ സാദത്ത്
,, സണ്ണി ജോസഫ്
,, പി.സി. വിഷ്ണുനാഥ്
,, ഡൊമിനിക് പ്രസന്റേഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് സൂക്ഷ്മ -ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളുടെ പ്രവര്‍ത്തനത്തിന് എന്തെല്ലാം കര്‍മ്മപദ്ധതികള്‍ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്നതിന്റെ വിശദാംശങ്ങള്‍ ലഭ്യമാക്കാമോ;

(സി) പുതിയ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങള്‍ പ്രവര്‍ത്തനം തുടങ്ങുകയുണ്ടായോ; വിശദമാക്കുമോ;

(ഡി) സംരംഭങ്ങള്‍ തുടങ്ങുവാന്‍ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നതിന്റെ വിശദാംശങ്ങള്‍ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

ചെറുകിട ഗ്രാമവ്യവസായങ്ങളുടെ വികസനം

6634 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം ചെറുകിട-ഗ്രാമ വ്യവസായങ്ങളുടെ വികസനത്തിനു വേണ്ടി നടപ്പാക്കിയ പദ്ധതികള്‍ വിശദമാക്കുമോ;

(ബി) കഴിഞ്ഞ രണ്ടു വര്‍ഷത്തിനുള്ളില്‍ ഇത്തരത്തിലുള്ള എത്ര വ്യവസായങ്ങള്‍ രജിസ്റ്റര്‍ ചെയ്തു പ്രവര്‍ത്തനമാരംഭിച്ചു എന്ന് ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) വന്‍കിട വ്യവസായങ്ങള്‍ക്കുവേണ്ടി എന്തൊക്കെ സൗജന്യങ്ങള്‍ നല്‍കുന്നുണ്ടെന്ന് വിശദമാക്കുമോ;

(ഡി) കഴിഞ്ഞ രണ്ട് വര്‍ഷത്തിനിടെ ഇത്തരത്തിലുള്ള എത്ര വ്യവസായങ്ങള്‍ ആരംഭിച്ചു എന്ന് വിശദാംശം ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**09.07.2014-ലെ മറുപടിക്ക്**

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ ചെറുകിട - ഇടത്തരം സംരംഭങ്ങൾ

6635 ശ്രീ. ബെന്നി ബെഹനാൻ
,, പാലോട് രവി
,, കെ. ശിവദാസൻ നായർ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ ചെറുകിട - ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യകതമാക്കുമോ;

(സി) സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നൽകിയതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

ടെക്സ്റ്റയിൽ വ്യവസായം നേരിടുന്ന പ്രതിസന്ധി

6636 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടെക്സ്റ്റയിൽ വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ടെക്സ്റ്റയിൽ മില്ലുകൾ നവീകരിക്കുന്നതിനും പുനസംഘടിപ്പിക്കുന്നതിനും വേണ്ടി എത്ര തുക ചെലവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പുതുതായി ടെക്സ്റ്റയിൽ മില്ലുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

കേന്ദ്രപൊതുമേഖലാ സ്ഥാപനമായ ഐ.ആർ.ഇ.യുടെ പ്രവർത്തനങ്ങൾ

6637 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഐ.ആർ.ഇ.യുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഐ.ആർ.ഇ.ക്ക് ആവശ്യമായ ഇൽമനേറ്റ് ലഭിക്കാതെ ഉൽപാദനം നിർത്തിവച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കമ്പനിക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഐ.ആർ.ഇ.യുടെ പ്രവർത്തനം പുനരാരംഭിക്കുവാനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; തടസ്സങ്ങൾ പരിഹരിക്കുന്നതിനായി നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ ഇതിനുള്ള കാരണം വിശദമാക്കുമോ?

## കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>ബ്രഹ്മോസ് എയ്റോസ്പേസ് ലിമിറ്റഡിലെ ഉൽപാദനം</u>

6638 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബ്രഹ്മോസ് എയ്റോസ്പേസ് ലിമിറ്റഡ്, ചാക്ക എന്ന സ്ഥാപനത്തിൽ 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ എത്ര രൂപയുടെ ഉല്പാദനം നടത്തിയിട്ടുണ്ട് എന്ന് വർഷത്തിന്റെ അടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനം 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ ലാഭത്തിലാണോ പ്രവർത്തിച്ചിരുന്നത്; എങ്കിൽ ഓരോ വർഷത്തേയും ലാഭം/നഷ്ടം കണക്കുകൾ ലഭ്യമാക്കാമോ;

(സി) 2008 മുതൽ ഇതുവരെ കമ്പനിയുടെ സഞ്ചിത നഷ്ടം എത്രയാണ്;

(ഡി) 2012-ൽ ഉദ്ഘാടനം ചെയ്ത മിസൈൽ ഇന്റഗ്രേഷൻ സെന്ററിൽ 2013-14 വർഷത്തിൽ എത്ര രൂപയുടെ ഉത്പാദനം നടന്നു; 2012 ജനുവരി മുതൽ 2012 ഡിസംബർ വരെയുള്ള മാസങ്ങളിൽ ഓരോ മാസവും നടന്ന ഉത്പാദനമെത്രയാണ് എന്ന് വിശദമാക്കാമോ;

(ഇ) കമ്പനിയിലെ റിക്രൂട്ട്മെന്റ് വ്യവസ്ഥകൾ എങ്ങനെയെന്ന് വെളിപ്പെടുത്താമോ; റിക്രൂട്ട്മെന്റിൽ സംവരണം പാലിക്കുന്നുണ്ടോ;

(എഫ്) ജീവനക്കാരുടെ വിരമിക്കൽ പ്രായം 60 വയസ്സാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം ഡയറക്ടർ ബോർഡ് കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ എപ്പോൾ നടപ്പിലാക്കും എന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>ചേര്‍ത്തല ഓട്ടോകാസ്റ്റിനെ സംരക്ഷിക്കുന്നതിന് നടപടി</u>

6639 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. ജി. സുധാകരന്‍
,, എ. എം. ആരിഫ്
,, സി. കെ. സദാശിവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ ചേര്‍ത്തല ഓട്ടോകാസ്റ്റ് വന്‍ പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) റയില്‍വേയുമായി ചേര്‍ന്ന് കമ്പനി പുന:രുദ്ധാരണത്തിന് നടത്തിയ നീക്കങ്ങളില്‍ ഇപ്പോള്‍ എന്തെങ്കിലും പരിഗണനയിലുണ്ടോ;

(സി) ഓട്ടോകാസ്റ്റിനെ നിലനിര്‍ത്താന്‍ ഏതെങ്കിലും വിദഗ്ധ അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കില്‍ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഓട്ടോകാസ്റ്റിനെ സംരക്ഷിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിന്റെ പ്രവർത്തനങ്ങൾ</u>

6640 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറുകിട/വൻകിട വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് പഠിക്കുന്നതിനും അവർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും വ്യവസായ വികസനത്തിനുമായി വ്യവസായ വകുപ്പിന് എന്തെല്ലാം സംവിധാനങ്ങൾ ആണ് നിലവിലുള്ളതെന്ന് വിശദീകരിക്കാമോ;

(ബി) വ്യവസായ വികസനത്തിനായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനം എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിവരുന്നെന്ന് വിശദീകരിക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്കും മറ്റുമായി 2014-15 വർഷത്തേക്ക് എത്ര തുകയാണ് നീക്കിവച്ചിരിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>സിൽക്കിൽ നിന്നും വിരമിച്ചവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ</u>

6641 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തല സിൽക്ക് സ്റ്റീൽ ഫാബ്രിക്കേഷൻ യുണിറ്റിൽ നിന്നും 2013-14 വർഷങ്ങളിൽ പിരിയുന്ന ജീവനക്കാർക്ക് വിരമിക്കൽ ആനുകൂല്യങ്ങൾ നൽകുന്നതിന് വേണ്ടി വരുന്ന തുക സിൽക്ക് കണ്ടെത്തുമെന്ന് സർക്കാർ ഉറപ്പുപറഞ്ഞിരിന്നിട്ടും 2013 നവംബർ മാസത്തിൽ ഈ സ്ഥാപനത്തിൽ നിന്നും റിട്ടയർ ചെയ്ത ജീവനക്കാർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ നൽകാത്തത് എന്തു കൊണ്ടാണെന്നു പറയാമോ ; അടിയന്തരമായി ഈ ആനുകൂല്യങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഈ കാലയളവിൽ പിരിഞ്ഞ ജീവനക്കാർക്ക് 2013 ജൂലൈ മാസം സർക്കാർ അനുവദിച്ച ഡി.എ. വർദ്ധനവ് കൂടി ഉൾപ്പെടുത്തി ഗ്രാറ്റുവിറ്റി കണക്കാക്കി നൽകുമോ ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>കശുവണ്ടിവ്യവസായ സംരക്ഷണത്തിനുവേണ്ടി പദ്ധതികള്‍</u>

6642 ശ്രീ. മുല്ലക്കര രത്നാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം കശുവണ്ടി വ്യവസായ സംരക്ഷണത്തിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>മാവൂർ ഗ്വാളിയോർ റയോൺസിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി</u>

6643 ശ്രീ.പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കോഴിക്കോട് കോംട്രസ്റ്റ് ഭൂമി ഏറ്റെടുക്കൽ നിയമത്തിന്റെ മാതൃകയിൽ മാവൂർ ഗ്വാളിയോർ റയോൺസിന്റെ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ആലോചിക്കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>കൊച്ചിയിൽ നടന്ന ബിസിനസ് സംഗമത്തിൽ പങ്കെടുത്ത കമ്പനികൾ</u>

6644 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ജൂലൈയിൽ കൊച്ചിയിൽ നടന്ന ബിസിനസ് സംഗമത്തിൽ പെട്രോ കെമിക്കൽ വ്യവസായ രംഗത്തെ എത്ര കമ്പനികൾ പങ്കെടുത്തു; ഇതിൽ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമെന്നും ഇതര സ്ഥാപനങ്ങൾ ഏതെല്ലാമെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത സംഗമത്തിൽ എത്ര വിദേശ കമ്പനികൾ പങ്കെടുത്തുവെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) ഇതിൽ ഓരോ സംരംഭകരും എത്ര രൂപ വീതമുള്ള മുതൽമുടക്ക് നടത്തുവാൻ തയ്യാറായി എന്നറിയിക്കുമോ;

(ഡി) ഏതെങ്കിലും സംരംഭകർ പ്രസ്തുത സംഗമത്തിൽ വച്ച് ധാരണാപത്രത്തിൽ ഒപ്പുവച്ചുവോ എന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത സംഗത്തിന്റെ നടത്തിപ്പിനും അതുമായി ബന്ധപ്പെട്ട പരസ്യപ്രചാരണങ്ങൾക്കുമായി എത്ര തുക ഏതെല്ലാമിനത്തിൽ ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

കോമൺവെൽത്ത് ട്രസ്റ്റ് (ഏറ്റെടുക്കലും കൈമാറ്റവും)

6645 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോമൺവെൽത്ത് ട്രസ്റ്റ് (ഏറ്റെടുക്കലും കൈമാറ്റവും) ബിൽ 2012 ന് എന്തെല്ലാം സാങ്കേതിക കാരണങ്ങളാലാണ് ബഹു. രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കാത്തതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കാരണങ്ങൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>'വ്യവസായ കേരളം' എം.എൽ.എ.മാർക്ക് ലഭ്യമാക്കാൻ നടപടി</u>

6646 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പ് ഇപ്പോൾ 'വ്യവസായ കേരളം' എന്ന പ്രസിദ്ധീകരണം പുറത്തിറക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സർക്കാർ അധികാരമേറ്റതിനു ശേഷം പ്രസ്തുത പുസ്തകം എത്രയെണ്ണം പുറത്തിറക്കി എന്നു വ്യക്തമാക്കുമോ;

(സി) ഈ പ്രസിദ്ധീകരണം ഇപ്പോൾ എം.എൽ.എ.മാർക്ക് ലഭ്യമാക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പ്രസിദ്ധീകരണം എം.എൽ.എ.മാർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

ഹയർ ഡി. പി. സി. മീറ്റിംഗ്

6647 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിൽ ഹയർ ഡി. പി. സി. മീറ്റിംഗ് നടക്കാത്തതുകാരണം പല ഉയർന്ന തസ്തികകളും ഒഴിഞ്ഞുകിടക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹയർ ഡി. പി. സി. മീറ്റിംഗ് നടത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഹയർ ഡി. പി. സി. മീറ്റിംഗ് എപ്പോൾ നടത്തുമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>കഞ്ചിക്കോട് മേഖലയിലെ സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾ</u>

6648 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം കഞ്ചിക്കോട് മേഖലയിൽ എത്ര സ്വകാര്യവ്യവസായ സ്ഥാപനങ്ങളാണ് പുതുതായി ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെങ്കിലും വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഉണ്ടെങ്കിൽ എത്ര വ്യവസായ സ്ഥാപനങ്ങളാണ് അടച്ചുപൂട്ടിയത് എന്ന് വ്യക്തമാക്കുമോ;

(ഡി) വ്യവസായസ്ഥാപനങ്ങൾ അടച്ചുപൂട്ടിയതുമൂലം എത്ര പേർക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഇ) അടച്ചുപൂട്ടൽമൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്കുവേണ്ടി സർക്കാർ തലത്തിൽ ആശ്വാസനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

അത്താണി സിൽക്ക് പൊതുമേഖലാസ്ഥാപനത്തിൽ ശമ്പള പരിഷ്കരണം

6649 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ അത്താണി സിൽക്ക്(SILK) പൊതുമേഖലാ സ്ഥാപനത്തിൽ ഓഫീസർ കേഡറിൽ ജോലി ചെയ്യുന്നവരുടെ ശമ്പളം പരിഷ്കരിച്ചു നൽകിയത് 14 വർഷത്തിനുള്ളിൽ ഒരു തവണ മാത്രമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടത്തെ പല ഓഫീസർമാരുടേയും ശമ്പളം താഴെക്കിടയിലുള്ള തസ്തികകളിൽ ജോലി ചെയ്യുന്നവരുടെ ശമ്പളത്തേക്കാൾ കുറവാണ് എന്നത് കണക്കിലെടുത്ത് ഓഫീസർ തസ്തികയിലുള്ളവരുടെ ശമ്പളം കാലാനുസൃതമായി പുതുക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>നാട്ടിക – ചൊവ്വൂർ പ്രദേശത്ത് വ്യവസായ എസ്റ്റേറ്റ്</u>

6650 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടിക മണ്ഡലത്തിലെ ചൊവ്വൂർ പ്രദേശത്ത് ഫർണിച്ചർ – കൊത്തുപണി തൊഴിൽ മേഖല കേന്ദ്രീകരിച്ച് ഒരു വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ; ഇതുമായി ബന്ധപ്പെട്ട ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ജില്ലാ വ്യവസായ കേന്ദ്രത്തോട് ആവശ്യപ്പെടുമോ ;

(ബി) ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളും സൗകര്യങ്ങളുമാണ് ചെയ്തുകൊടുക്കുന്നത് ; വിശദമാക്കുമോ ;

(സി) ചൊവ്വൂർ പ്രദേശത്തെ മരപ്പണിക്കാരെ ഏകോപിപ്പിച്ച് ചെറുകിട വ്യവസായ യൂണിറ്റ് ആരംഭിക്കുവാൻ മുൻകയ്യെടുക്കുമോ ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>കുറ്റ്യാടി നാളികേര പാർക്ക്</u>

6651 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ കുറ്റ്യാടിയിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന നാളികേര പാർക്കിന്റെ സ്ഥലമെടുപ്പ് നടപടികളിൽ പൂർത്തിയാക്കുവാൻ ബാക്കിയുള്ളത് എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥലമെടുപ്പ് നടപടികളുടെ ഭാഗമായി എത്ര ഏക്കർ ഭൂമി ഏറ്റെടുത്തുവെന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>കൊട്ടാരക്കര താലൂക്കിൽ ഖനനാനുമതിയുള്ള പാറമടകൾ</u>

6652 ശ്രീമതി പി. അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്കിൽ ഖനനാനുമതി ഉള്ള പാറമടകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പെർമിറ്റിനു വിരുദ്ധമായി പ്രവർത്തനം നടത്തിയ പാറമടകൾക്ക് എതിരെ മൈനിംഗ് & ജിയോളജി വകുപ്പ് എടുത്ത നടപടികൾ വിശദമാക്കുമോ ;

(സി) നടപടികളുടെ ഭാഗമായി എത്ര തുക പിഴശിക്ഷയായി ഈടാക്കിയിട്ടുണ്ട് ; ഏതെല്ലാം ക്വാറികൾക്ക് എതിരെ നടപടി എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>മാണിയാട്ട് വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ സാമ്പത്തിക പ്രതിസന്ധി</u>

6653 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മാണിയാട്ട് വീവേഴ്സ് ഇൻഡസ്ട്രിയൽ(വർക്ക്ഷോപ്പ്) കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 2010 മുതലുള്ള റിബേറ്റ് കുടിശ്ശിക ലഭിക്കാനുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തുണി വിറ്റുവരവ് എസ്.ബി അക്കൗണ്ടിൽ അടയ്ക്കുന്നതിന് പകരം ആർ.ബി.ഐ.സി.സി അക്കൗണ്ടിൽ അടയ്ക്കണമെന്ന് ഉത്തരവു നിലവിലുണ്ടോ;

(സി) മാണിയാട്ട് വീവേഴ്സ് സൊസൈറ്റിക്ക് റിബേറ്റ് നൽകാതിരിക്കുന്നതിന്റെ ഫലമായി സംഘവും തൊഴിലാളികളും നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് ഐ.ടി വകുപ്പ് മുഖേന 'ഐഡിയാസ്' സംവിധാനം</u>

6654 ശ്രീ. കെ. മുരളീധരൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.ടി വകുപ്പ് മുഖേന 'ഐഡിയാസ്' സംവിധാനം പ്രവർത്തിച്ച് വരുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത സംവിധാനം വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്നതിന്റെ വിശദാംശങ്ങൾ നൽകാമോ;

(സി) സർക്കാർ ഫയലുകളുടെ നീക്കം ഓൺലൈനായി പൊതുജനങ്ങൾക്ക് നിരീക്ഷിക്കുന്നതിന് ഈ സംവിധാനം എത്രമാത്രം സൗകര്യമൊരുക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(ഡി) ആരെല്ലാമാണ് ഈ സംവിധാനത്തിൽ സാങ്കേതിക സഹായത്തിന് സഹകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>വെബ്സൈറ്റുകളുടെ സുരക്ഷ ഉറപ്പാക്കാൻ നടപടി</u>

T6655 ശ്രീ. അൻവർ സാദത്ത്
,, ബെന്നി ബെഹനാൻ
,, റ്റി.എൻ. പ്രതാപൻ
,, വി.പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപനങ്ങളുടെ വെബ്സൈറ്റുകളുടെ സുരക്ഷ ഉറപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) സർക്കാർ വെബ്സൈറ്റുകൾ ഹാക്ക് ചെയ്തതായി പരാതി ലഭിച്ചാൽ അതിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി ഏതെല്ലാം കേന്ദ്ര ഏജൻസികളാണ് സഹായം നൽകുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ഡി) വെബ്സൈറ്റുകളുടെ സുരക്ഷ ഉറപ്പാക്കാൻ പ്രത്യേക ടീമിനെ നിയോഗിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

ഇ-പാസ് സംവിധാനം

6656 ശ്രീ. ജോസഫ് വാഴക്കൻ
,, കെ. ശിവദാസൻ നായർ
,, പി.എ മാധവൻ
,, എം.എ വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ധാതുക്കളുടെ കൈകാര്യവും കൈമാറ്റവും നിയന്ത്രിക്കുവാൻ ഇ-പാസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ സംവിധാനത്തിന്റെ പ്രവർത്തനവുമായി സഹകരിക്കുന്നവർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ധാതുക്കളുടെ കള്ളക്കടത്ത് തടയാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഈ സംവിധാനത്തിലുള്ളതെന്ന് വിശദമാക്കുമോ;

(ഡി) ഈ സംവിധാനം പ്രയോജനപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ ഭരണതലത്തിൽ എടുത്തിട്ടുണ്ടെന്നുള്ള വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>ഇ-ഗവേണൻസ് സംബന്ധിച്ച ദേശീയ കോൺഫറൻസ്</u>

6657 ശ്രീ. റ്റി. എൻ. പ്രതാപൻ
,, പാലോട് രവി
,, സണ്ണി ജോസഫ്
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-ഗവേണൻസ് സംബന്ധിച്ച ദേശീയ കോൺഫറൻസ് നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം വിഷയങ്ങളാണ് കോൺഫറൻസിൽ ചർച്ച ചെയ്തിട്ടുള്ളതെന്നും വിശദാംശം എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന ഇ-ഗവേണൻസ് പദ്ധതിയിലെ അവസരങ്ങളെക്കുറിച്ചും പുതിയ വെല്ലുവിളികളെക്കുറിച്ചും എന്തെല്ലാം കാര്യങ്ങളാണ് കോൺഫറൻസിൽ ചർച്ച ചെയ്യപ്പെട്ടതെന്ന് വിശദമാക്കുമോ;

(ഡി) ഇതിന്മേൽ എന്തെല്ലാം തുടർനടപടികളാണ് എടുക്കാനുദ്ദേശിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

വിവരാവകാശ അപേക്ഷകൾ ഓൺലൈനായി
സമർപ്പിക്കുന്നതിന് സംവിധാനം

6658 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിന് ഐ.ടി വകുപ്പ് നടപടി സ്വീകരിക്കുമോ;

(ബി) ഇതിന് വേണ്ടി പ്രത്യേക പോർട്ടൽ സജ്ജമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇത് എന്നത്തേക്ക് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്വതന്ത്ര/ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയറുകൾ</u>

6659 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഉപയോഗിക്കുന്ന മിക്കവാറും സോഫ്റ്റ്‌വെയറുകളും വിൻഡോസിന്റേതാണോ എന്ന് വിശദമാക്കുമോ;

(ബി) വിൻഡോസ് എക്സ്പിക്കുള്ള പിൻതുണ മൈക്രോസോഫ്റ്റ് പിൻവലിച്ച സാഹചര്യത്തിൽ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ സോഫ്റ്റ് വെയറുകൾ സ്വതന്ത്ര/ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയറുകളിലേക്ക് മാറുന്നതിന് അനുമതി നൽകുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

ഭരണനവീകരണരംഗത്ത് വിവരസാങ്കേതികവിദ്യയുടെ പ്രയോജനവും പ്രയോഗവും

6660 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭരണനവീകരണരംഗത്ത് വിവരസാങ്കേതികവിദ്യയുടെ പ്രയോജനവും പ്രയോഗവും ഉറപ്പുവരുത്താൻ ലക്ഷ്യമിട്ടു നടക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ;

(ബി) സർക്കാരിന്റെ ഏതെല്ലാം ഏജൻസികളാണ് ഈ രംഗത്ത് പ്രവർത്തിക്കുന്നതെന്നും ഓരോ ഏജൻസികളും കൽപ്പിച്ചു നൽകിയിട്ടുള്ള ഉത്തരവാദിത്വങ്ങൾ എന്തെല്ലാമാണെന്നും വിശദീകരിക്കുമോ ?

**കേരള നിയമസഭ**
**09.07.2014-ലെ മറുപടിക്ക്**

<u>ആധാർ എൻറോൾമെന്റ് നടത്തുന്ന ഏജൻസികൾ</u>

T6661 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതുവരെ എത്ര പേർക്ക് ആധാർകാർഡ് ലഭിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം ഏജൻസികൾ ആണ് ഇപ്പോൾ കേരള ഗവൺമെന്റിന്റെ കീഴിൽ എൻറോൾമെന്റ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(സി) എന്നുവരെയുള്ള പേമന്റ് ആണ് യു.ഐ.ഡി.എ.ഐ. ൽ നിന്നും ഗവൺമെന്റിന് ലഭിച്ചത്; ലഭിച്ച തുകയിൽ എന്നുവരെയുള്ള പേമെന്റ് ഏജൻസികൾക്ക് കൊടുത്തു; ബാക്കി തുക എന്ന് നൽകും എന്ന് വ്യക്തമാക്കുമോ;

(ഡി) കേരളത്തിന്റെ അക്ഷയ പോലുള്ള ഏജൻസികൾ ഇപ്പോൾ നടത്തുന്ന എൻറോൾമെന്റുകൾക്ക് കേന്ദ്രഗവൺമെന്റിന്റെ അംഗീകാരമുണ്ടോ;

(ഇ) ആധാർ നമ്പർ ജനറേറ്റ് ചെയ്തിട്ടുള്ളതിൽ കാലതാമസം വരുത്തുന്ന വകയിൽ പിഴ ഈടാക്കുന്നുണ്ടോ;

(എഫ്) ഇ-ഡിസ്ട്രിക്ട് പദ്ധതിയും ഇ-ഗവേണൻസും കൃത്യമായി നടപ്പിലാക്കാൻ സ്വീകരിച്ചിരിക്കുന്ന നടപടിക്രമങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

സ്പാർക്ക് സംവിധാനത്തിന്റെ കേന്ദ്ര ഓഫീസ്

6662 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജീവനക്കാരുടെ ശമ്പള ബില്ലുകളും മറ്റും ബന്ധിപ്പിച്ചിരിക്കുന്ന സ്പാർക്ക് സംവിധാനത്തിന്റെ കേന്ദ്ര ഓഫീസ് നിയന്ത്രണം എവിടെയെന്നും ഈ ഓഫീസിന്റെ പ്രവർത്തനത്തിന് എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്നും ഇവർ ഏതെല്ലാം തസ്തികകളിലാണ് ജോലിചെയ്യുന്നതെന്നും വെളിപ്പെടുത്താമോ ;

(ബി) സ്പാർക്കിന്റെ ഓഫീസിൽ ദിവസവേതനക്കാരായ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എത്ര ജീവനക്കാരെ ഏതെല്ലാം തസ്തികകളിലാണ് നിയമിച്ചിരിക്കുന്നതെന്നും വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ നിന്നും സ്പാർക്ക് സംബന്ധിച്ച പരാതികൾ കേൾക്കുന്നതിനുള്ള ഫോൺകോൾ സ്വീകരിക്കാൻ ജീവനക്കാരെ നിയോഗിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എത്ര ജീവനക്കാരെ ഇതിനായി നിയോഗിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(ഡി) സ്പാർക്കിൽ ഫോൺ മുഖാന്തിരം പരാതികൾ കേൾക്കുന്നതിൽ നിരുത്തരവാദപരമായി ജീവനക്കാർ പെരുമാറുന്നതിനാൽ സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ നിന്നും ജീവനക്കാർ കേന്ദ്ര ഓഫീസിൽ നേരിട്ടെത്തി പരാതികൾ പരിഹരിക്കേണ്ടിവരുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) സ്പാർക്ക് ഓഫീസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

കൊരട്ടി ഇൻഫോപാർക്കിന്റെ നവീകരണ പ്രവർത്തനങ്ങൾ

6663 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കൊരട്ടി ഇൻഫോപാർക്കിന്റെ നവീകരണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കാമോ ; കൊരട്ടി ഇൻഫോപാർക്കിന് സെസ് പദവി ലഭ്യമാക്കി കൂടുതൽ സ്ഥാപനങ്ങളും, തൊഴിലവസരങ്ങളും ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

തലശ്ശേരി മണ്ഡലത്തിൽ ഐ. ടി. പാർക്ക്

6664 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മണ്ഡലത്തിൽ ഐ. ടി. പാർക്ക് നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഐ. ടി. പാർക്ക് എന്ന് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

ഫ്രണ്ട്സ് ജനസേവനകേന്ദ്രത്തിൽ പ്രവർത്തിക്കുന്ന പോലീസ് ഹെൽപ്പ് ഡെസ്ക്ക്

6665 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ ഫ്രണ്ട്സ് ജനസേവനകേന്ദ്രത്തിൽ പ്രവർത്തിക്കുന്ന പോലീസ് ഹെൽപ്പ് ഡെസ്ക്കിൽ കഴിഞ്ഞ ആറുമാസക്കാലയളവിൽ എത്ര പെറ്റീഷനുകൾ ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവിടെ സ്വീകരിക്കുന്ന പെറ്റീഷനുകളുടെ എണ്ണം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഹെൽപ്പ് ഡെസ്ക്ക് ഡ്യൂട്ടിക്കായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ എണ്ണം കുറയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിലെ അക്ഷയകേന്ദ്രങ്ങൾ</u>

6666 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ എത്ര അക്ഷയകേന്ദ്രങ്ങളാണ് നിലവിലുള്ളത് എന്ന് വിശദമാക്കുമോ;

(ബി) പുതിയ അക്ഷയകേന്ദ്രങ്ങൾ അനുവദിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇവ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും മുൻഗണനകളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) മലപ്പുറം ജില്ലയിൽ അക്ഷയ കംപ്യൂട്ടർ സാക്ഷരതാ പദ്ധതി നടപ്പാക്കിയ കാലത്ത് (2002-2004) സംരംഭകരായിരുന്നവർക്കും പദ്ധതി നിർത്തലാക്കിയപ്പോൾ കേന്ദ്രങ്ങൾ തുടരാനാവാതെ നിർത്തിയവർക്കും പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുമ്പോൾ മുൻഗണന നൽകുമോയെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയർമാനും
ജീവനക്കാരും വിമാനയാത്രക്ക് ചെലവഴിച്ച തുക</u>

6667 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയർമാൻ, ഹജ്ജ് കമ്മിറ്റി ജീവനക്കാർ എന്നിവർ വിമാനയാത്രക്ക് ചെലവഴിച്ച തുകയുടെ കണക്കുകൾ ഓരോരുത്തരുടെയും പ്രത്യേകമായി വിശദമാക്കുമോ ;

(ബി) ജീവനക്കാർ വിമാനയാത്രക്ക് പണം ചെലവഴിക്കുന്നതിന് അനുമതിയുണ്ടോയെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയർമാന് വാഹനം വാങ്ങുന്നതിന് അനുവദിച്ച തുക</u>

6668 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയർമാന് വാഹനം വാങ്ങുന്നതിന് വേണ്ടി അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ ആദ്യം എത്ര രൂപയുടെ വാഹനം വാങ്ങുന്നതിനായിരുന്നു അനുമതി നൽകിയത് ;

(ബി) അനുമതി നൽകിയതിലും കൂടുതൽ തുകയ്ക്കുള്ള വാഹനം വാങ്ങിയിട്ടുണ്ടോ ;

(സി) സർക്കാർ ഗ്രാന്റ്, ഹജ്ജ് കമ്മിറ്റി ഫണ്ട് എന്നിവ ഉപയോഗിച്ച് പ്രസ്തുത വാഹനത്തിന് ഇന്ധന ഇനത്തിലും ഡ്രൈവറുടെ ദിവസ വേതനം, മറ്റ് ചെലവുകൾ എന്നീ ഇനങ്ങളിലും എത്ര രൂപ വീതം ചെലവഴിച്ചെന്ന് വ്യക്തമാക്കാമോ ;

(ഡി) മുമ്പ് സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയർമാൻമാരായിരുന്നവർ ഇത്തരം വാഹനം വാങ്ങിയിരുന്നോ എന്നും നിലവിൽ ഹജ്ജ് കമ്മിറ്റി ആവശ്യത്തിന് വാടകക്ക് എടുത്ത വാഹനം ഉണ്ടോയെന്നും വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**09.07.2014-ലെ മറുപടിക്ക്**

<u>ഹജ്ജ് അപേക്ഷകർക്ക്</u>
<u>വൺടൈം രജിസ്ട്രേഷൻ</u>

6669 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ഹജ്ജിനുവേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അപേക്ഷാ ഫീസ് ഇനത്തിൽ കേന്ദ്ര ഹജ്ജ് കമ്മിറ്റി, സംസ്ഥാന ഹജ്ജ് കമ്മിറ്റി എന്നിവയ്ക്ക് എത്ര രൂപ വീതം ലഭിച്ചുവെന്ന് വിശദമാക്കാമോ;

(സി) ഈ അപേക്ഷകളിൽ കഴിഞ്ഞ മൂന്ന് വർഷക്കാലമായി തുടർച്ചയായി അപേക്ഷിച്ചുവന്നവർ എത്ര പേരുണ്ടെന്നും ഇവരിൽനിന്ന് കഴിഞ്ഞ കാലങ്ങളിൽ അപേക്ഷാ ഫീസ് ഇനത്തിൽ ആകെ എത്ര തുക ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) ഈ വർഷം അപേക്ഷിച്ചവരിൽ എത്ര പേർക്കാണ് ഹജ്ജിന് പോകുന്നതിന് അവസരം ലഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ഇ) വർഷംതോറും അപേക്ഷാ ഫീസ് നൽകുന്നത് ഒഴിവാക്കുന്നതിനും, വൺ ടൈം രജിസ്ട്രേഷൻ നടപ്പിൽ വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ?